Kerala Gazette No. 45 dated 16th November 1982.
PART II

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നമ്പർ 6928/എൽ. എ-4/82. തിരുവനന്തപുരം, 1982 ആഗസ്റ്റ് 12.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം 1982-ലെ പൊതു വഖഫ് (കാലഹരണം നീട്ടിക്കൊടുക്കൽ) കേരള ഭേദഗതി ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും ധനകാര്യ മെമ്മോറാണ്ടത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോക്ടർ ആർ. പ്രസന്നൻ,
നിയമസഭാ സെക്രട്ടറി.

ഏഴാം കേരള നിയമസഭ

ബിൽ നമ്പർ 2.

1982-ലെ പൊതു വഖഫ് (കാലഹരണം നീട്ടിക്കൊടുക്കൽ) കേരള ഭേദഗതി ബിൽ

കേരള സംസ്ഥാനത്തിന് ബാധകമാകത്തക്കവണ്ണം 1959-ലെ പൊതു വഖഫ് (കാലഹരണം നീട്ടിക്കൊടുക്കൽ) ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ.

പീഠിക.—താഴെപ്പറയുന്ന ആവശ്യത്തിനുവേണ്ടി കേരള സംസ്ഥാനത്തിന് ബാധകമാകത്തക്കവണ്ണം 1959-ലെ പൊതു വഖഫ് (കാലഹരണം നീട്ടിക്കൊടുക്കൽ) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 1982-ലെ പൊതു വഖഫ് (കാലഹരണം നീട്ടിക്കൊടുക്കൽ) കേരള ഭേദഗതി ആക്റ്റ് എന്നു പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് 1976 ജനുവരി 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കണക്കാക്കേണ്ടതാണ്.

2. **3-ാം വകുപ്പിന്റെ ഭേദഗതി.**—1959-ലെ പൊതു വക്കഫ് (കാലഹരണം നീട്ടിക്കൊടുക്കൽ) കേരള ഭേദഗതി ആക്ട് (1959-ലെ 29-ാം കേന്ദ്ര ആക്ട്) 3-ാം വകുപ്പിൽ, കേരള സംസ്ഥാനത്ത് നിലവിലിരിക്കുന്ന പ്രകാരം, "1975 ഡിസംബർ 31-ാം തീയതി" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും അക്ഷരങ്ങൾക്കും പകരം "1983 ഡിസംബർ 31-ാം തീയതി" എന്ന വാക്കുകളും അക്കങ്ങളും അക്ഷരങ്ങളും ചേർക്കണം.

ഉദ്ദേശകാരണങ്ങളുടെ വിവരണം

വക്കഫ് വസ്തുക്കൾ വീണ്ടെടുക്കുന്നതിനുവേണ്ടി വ്യവഹാരം ഫയൽ ചെയ്യുന്നതിന് 1974-ലെ പൊതു വക്കഫ് (കാലഹരണം നീട്ടിക്കൊടുക്കൽ) കേരള ഭേദഗതി ആക്റ്റ് (1975-ലെ 1) മൂലം ഭേദഗതിചെയ്യപ്പെട്ട 1959-ലെ പൊതു വക്കഫ് (കാലഹരണം നീട്ടിക്കൊടുക്കൽ) ആക്റ്റ് (1959-ലെ 29-ാം കേന്ദ്ര ആക്റ്റ്) പ്രകാരം നിർണ്ണയിക്കപ്പെട്ട കാലഹരണത്തിന്റെ കാലാവധി 1975 ഡിസംബർ 31-ാം തീയതി അവസാനിച്ചു. ഇപ്പോഴും ധാരാളം വക്കഫ് വസ്തുക്കൾ അനധികൃതമായി അന്യാധീനപ്പെടുത്തിയിരിക്കുന്നതായും, ഇപ്പോഴും അവ നിയമവിരുദ്ധമായ കൈവശത്തിലും അനുഭവത്തിലുമാണെന്നും സംസ്ഥാന വക്കഫ് ബോർഡ് അറിയുകയും ആ വസ്തുക്കൾ വീണ്ടെടുക്കുന്നതിനുള്ള വ്യവഹാരം ഫയൽ ചെയ്യുന്നതിന് വേണ്ടി കാലഹരണത്തിന്റെ കാലാവധി വീണ്ടും നീട്ടിക്കൊടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. അതിനാൽ അങ്ങിനെയുള്ള വസ്തുക്കളുടെ കൈവശം വീണ്ടെടുക്കുന്നതിനുവേണ്ടി വ്യവഹാരം ഫയൽ ചെയ്യാൻ വക്കഫ് ബോർഡിനെ അധികാരപ്പെടുത്തുന്നതിനുവേണ്ടി 1983 ഡിസംബർ 31-ാം തീയതിവരെ കാലഹരണത്തിന്റെ കാലാവധി വീണ്ടും നീട്ടിക്കൊടുക്കാൻ ഉദ്ദേശിക്കുന്നു. ഈ ലക്ഷ്യം നിറവേറ്റുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ, സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

ഇ. അഹമ്മദ്

പി. ഭഗപ്പ,
അഡിഷണൽ ഹെഡ് ട്രാൻസ്ലേറ്റർ.